# സൂറ–29 / അൽ അൻകബൂത്ത്

**സൂക്തം: 36–40**

ഒരു ജനതയുടെ ശാസ്ത്ര-സാങ്കേതിക പുരോഗതിയും നാഗരിക നിർമാണ വൈഭവവും ഉൽപാദന മികവുമൊന്നും പാമര ജനങ്ങൾ മനസ്സിലാക്കുന്നതുപോലെ ആ ജനതയുടെ ജീവിതക്രമം സത്യത്തിലും നീതിയിലും അധിഷ്ഠിതമാണെന്ന് സാക്ഷ്യപ്പെടുത്തുന്നില്ല എന്ന യാഥാർഥ്യമാണ് ആദ് സമൂദ് ജനങ്ങളുടെ ചരിത്രത്തിൽനിന്ന് തെളിയുന്നത്.



وَإِلَىٰ مَدْيَنَ أَخَاهُمْ شُعَيْبًا فَقَالَ يَا قَوْمِ اعْبُدُوا اللَّهَ وَارْجُوا الْيَوْمَ الْآخِرَ وَلَا تَعْثَوْا فِي الْأَرْضِ مُفْسِدِينَ ﴿٣٦﴾

36. മിദ്യാൻ ജനത്തിലേക്ക് അവരുടെ സഹോദരനായ ശുഐബിനെ നാം പ്രവാചകനായി നിയോഗിച്ചു. അദ്ദേഹം അവരെ ഉദ്ബോധിപ്പിച്ചു: എന്റെ ജനമേ, അല്ലാഹുവിനു വഴിപ്പെട്ടു വാഴുവിൻ. അന്ത്യനാളിനെ പ്രതീക്ഷിക്കുവിൻ. ഭൂമിയിൽ നാശം പരത്താതിരിക്കുവിൻ.

فَكَذَّبُوهُ فَأَخَذَتْهُمُ الرَّجْفَةُ فَأَصْبَحُوا فِي دَارِهِمْ جَاثِمِينَ ﴿٣٧﴾

37. പക്ഷേ ജനം അദ്ദേഹത്തെ തള്ളിപ്പറഞ്ഞു. തൽഫലമായി അവരെ ഒരു മഹാപ്രകമ്പനം ബാധിച്ചു. അങ്ങനെ അവരൊക്കെയും അവരുടെ വസതികളിൽ വീണടിഞ്ഞുപോയി.

**36,37**

وَإِلَىٰ مَدْيَنَ= മിദ്യാനിലേക്ക് (നാം പ്രവാചകനായി നിയോഗിച്ചു)

أَخَاهُمْ شُعَيْبًا= അവരുടെ സഹോദരനായ ശുഐബിനെ فَقَالَ= അദ്ദേഹം പറഞ്ഞു (അവരെ ഉദ്ബോധിപ്പിച്ചു)

يَا قَوْمِ اعْبُدُوا اللَّهَ= എന്റെ ജനമേ, അല്ലാഹുവിനു വഴിപ്പെട്ടു വാഴുവിൻ

وَارْجُوا الْيَوْمَ الْآخِرَ = അന്ത്യനാളിനെ പ്രതീക്ഷിക്കുവിൻ

وَلَا تَعْثَوْا فِي الْأَرْضِ مُفْسِدِينَ= ഭൂമിയിൽ നാശ(നാശം പരത്താതിരിക്കുവിൻ)കാരികളായി കുഴപ്പമുണ്ടാക്കാതിരിക്കുവിൻ

فَكَذَّبُوهُ= അപ്പോൾ (പക്ഷേ) അവരദ്ദേഹത്തെ തള്ളിപ്പറഞ്ഞു

فَأَخَذَتْهُمُ الرَّجْفَةُ = തൽഫലമായി അവരെ (ഒരു മഹാ) പ്രകമ്പനം ബാധിച്ചു

فَأَصْبَحُوا فِي دَارِهِمْ جَاثِمِينَ= അങ്ങനെ അവർ (ഒക്കെയും) അവരുടെ വീടുകളിൽ മുഖം കുത്തി വീണവരായി (വീണടിഞ്ഞുപോയി)

പടിഞ്ഞാറൻ അറേബ്യയുടെ ഭാഗമായി ചെങ്കടലിന്റെ കിഴക്കെ തീരത്ത് സ്ഥിതി ചെയ്യുന്ന പ്രദേശമാണ് പൂർവകാലത്ത് മദ്‌യൻ (മിദ്യാൻ) എന്നറിയപ്പെട്ടിരുന്നത്. മദ്‌യൻ മൗലികമായി ഒരു ഗോത്ര പിതാവിന്റെ പേരാണ്. ഇബ്‌റാഹീം നബിയുടെ സന്തതികളിൽ പെട്ടയാളായിരുന്നു മിദ്യാൻ. പിന്നീടത് അദ്ദേഹത്തിൽനിന്നുണ്ടായ ഗോത്രത്തിന്റെയും ആ ഗോത്രം അധിവസിച്ച ഭൂപ്രദേശത്തിന്റെയും പേരായി. മിദ്യാനികൾ ഖുറൈശികൾക്ക് ഏറെ സുപരിചിതരായിരുന്നു. അവരുടെ ഗോത്ര പിതാവിന്റെ സഹോദരനിൽനിന്നുത്ഭവിച്ച ഗോത്രമാണല്ലോ അത്. കൂടാതെ ഖുറൈശികളെപ്പോലെ മിദ്യാനികളും വർത്തക സമൂഹമായിരുന്നു. മിദ്യാൻ നാടും നാട്ടുകാരും നാഗരികതയും അവരുടെ ഉത്ഥാനപതനങ്ങളുമെല്ലാം വ്യാപാര സഞ്ചാരങ്ങളിലൂടെ ഖുറൈശികൾ നന്നായി മനസ്സിലാക്കിയിരുന്നതിനാൽ അവരുടെ ചരിത്രത്തിലേക്ക് ഒരു സൂചന മാത്രമേ ഇവിടെ നൽകുന്നുള്ളൂ. *അൽ അഅ്‌റാഫ്* 85-93, സൂറ *ഹൂദ്* 84-95 സൂക്തങ്ങളിൽ ശുഐബ് നബിയുടെയും മിദ്യാനികളുടെയും ചരിത്രം വിസ്തരിച്ചു വിവരിച്ചിട്ടുണ്ട്. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. കൂടാതെ *അശ്ശുഅറാഅ്* സൂറയിലും ഈ ചരിത്രം പരാമർശിച്ചിരിക്കുന്നു. അല്ലാഹുവിനെ തോൽപിച്ചു രക്ഷപ്പെട്ടുകളയാമെന്ന ധർമധിക്കാരികളുടെ വിചാരം വെറും വ്യാമോഹമാണെന്നും, അവരുടെ ദുഷ്ടചെയ്തികൾക്കെല്ലാം അർഹിക്കുന്ന ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും നാലാം സൂക്തത്തിൽ പ്രസ്താവിച്ചതിനുള്ള ചരിത്ര സാക്ഷ്യങ്ങളായിട്ടാണല്ലോ നൂഹിന്റെയും ഇബ്‌റാഹീമിന്റെയും ലൂത്വിന്റെയും (അ) കഥകൾ അനുസ്മരിച്ചത്. മറ്റൊരു സുവ്യക്തമായ സാക്ഷ്യമാണ് മിദ്യാനികളുടെ നാശം. വചനതാൽപര്യമിതാണ്: നിങ്ങളുടെ സഹോദര ഗോത്രമായിരുന്ന മിദ്യാനികളുടെ ചരിത്രവും മേൽ പറഞ്ഞ യാഥാർഥ്യങ്ങളെ സാക്ഷ്യപ്പെടുത്തുന്നതാണ്. അവർ അധർമത്തിലാണ്ടപ്പോൾ അവരെ വീണ്ടെടുക്കാൻ അല്ലാഹു ശുഐബിനെ (അ) പ്രവാചകനായി നിയോഗിച്ചു. അവരുടെ സഹോദരൻ എന്ന് വിശേഷിപ്പിച്ചത്, അവരെ പ്രബോധനം ചെയ്യാൻ നിയുക്തനായ വ്യക്തി അവർക്ക് ഒട്ടും അപരിചിതനായിരുന്നില്ല; അവരുടെ ഗോത്രത്തിൽ അംഗവും, അവരുടെ സ്നേഹവും മതിപ്പും നേടിയ ആളുമായിരുന്നു എന്നു കുറിക്കാനാണ്. അദ്ദേഹം അവരെ ഉദ്ബോധിപ്പിച്ചു: എന്റെ സമുദായമേ, അല്ലാഹുവിന് വഴിപ്പെട്ടു വാഴുവിൻ. ഈ ഭൗതിക ജീവിതത്തിനു ശേഷം എല്ലാവരും പരലോകത്ത് ഉയിർത്തെഴുന്നേൽക്കുന്ന ഒരു നാളുണ്ട്. ആ നാളിനെ പ്രതീക്ഷിച്ചുകൊണ്ടും അതിലെ വിചാരണയെ ഭയപ്പെട്ടുകൊണ്ടും കർമജീവിതം സംസ്കരിക്കുവിൻ-നാട്ടിൽ നാശം പരത്തുന്ന ദുഷ്ടജീവിതം നയിക്കാതിരിക്കുവിൻ. അല്ലാഹു ഈ ലോകത്ത് ആയുസ്സും ആരോഗ്യവും സമ്പത്തും വർധിപ്പിച്ചുതരുന്നത്, എന്തും ചെയ്യാനുള്ള അവകാശവും അധികാരവുമായി കണക്കാക്കിക്കൂടാ. അല്ലാഹുവിന്റെ പിടിത്തത്തിനതീതരാണെന്നും നിങ്ങൾ തെറ്റിദ്ധരിക്കേണ്ട. സത്യത്തിന്റെയും നീതിയുടെയും നടത്തിപ്പുകാരായി വർത്തിക്കണം. എങ്കിൽ ഈ ലോകത്ത് ലഭിച്ച ക്ഷണിക സൗഭാഗ്യങ്ങളേക്കാൾ എത്രയോ വിപലുമായ ശാശ്വത സൗഭാഗ്യം പരലോകത്ത് ലഭിക്കും. പക്ഷേ, ഈ ഉപദേശം അംഗീകരിക്കാനോ അനുസരിക്കാനോ അവർ ഒട്ടും തയാറായില്ല. ആ ജനതയുടെ സുവർണ ദശയിൽ തന്നെ അവരെ ഭൂമുഖത്തുനിന്ന് ഉന്മൂലനം ചെയ്യുന്ന ദൈവിക ശിക്ഷ വന്നു പതിക്കുകയായിരുന്നു അതിന്റെ ഫലം. *ഖുർആൻ ബോധനം സൂറ ഹൂദ്* 84-86 സൂക്തങ്ങൾക്ക് താഴെ وَلَا تَعْثَوْا فِي الْأَرْضِ مُفْسِدِينَ-ന്റെയും സൂറ *ഹൂദ്* 67,68 സൂക്തങ്ങൾക്കു താഴെ فَأَخَذَتْهُمُ ..... جَاثِمِينَ-ന്റെയും വിശദീകരണം നൽകിയിരിക്കുന്നു. دَار വീടാണ്. വീടുകൾ നിലനിൽക്കുന്ന സ്ഥലം എന്ന ആശയം പരിഗണിച്ചുകൊണ്ട് 'നാട്' എന്ന പ്രയോഗാർഥവുമുണ്ട്. ദാറുൽ ഇസ്‌ലാം, ദാറുൽ കുഫ്‌റ് എന്നൊക്കെ സാധാരണ പറയാറുണ്ടല്ലോ. ●

---

وَعَادًا وَثَمُودَ وَقَد تَّبَيَّنَ لَكُم مِّن مَّسَاكِنِهِمْ ۖ وَزَيَّنَ لَهُمُ الشَّيْطَانُ أَعْمَالَهُمْ فَصَدَّهُمْ عَنِ السَّبِيلِ وَكَانُوا مُسْتَبْصِرِينَ ﴿٣٨﴾

38. ആദു വർഗത്തെയും സമൂദ് വർഗത്തെയും നാം ഉന്മൂലനം ചെയ്തു. ആ നാശാവശിഷ്ടങ്ങൾ അവരുടെ പാർപ്പിടങ്ങളിൽ നിങ്ങൾ തെളിഞ്ഞുകാണാറുള്ളതാണല്ലോ. ചെകുത്താൻ അവരുടെ നടപടികൾ അവർക്ക് ഭൂഷണമായി തോന്നിച്ചു. അങ്ങനെ അവൻ അവരെ സന്മാർഗത്തിൽനിന്ന് വിലക്കി. എന്നാലോ, അവർ ക്രാന്തദൃഷ്ടിയുള്ളവർ തന്നെയായിരുന്നു.

**38**

وَعَادًا وَثَمُودَ = ആദു വർഗത്തെയും സമൂദ് വർഗത്തെയും (നാം ഉന്മൂലനം ചെയ്തു)

وَقَد تَّبَيَّنَ لَكُم = നിങ്ങൾക്കു വെളിവായിരിക്കുന്നു (ആ നാശാവിഷ്ടങ്ങൾ നിങ്ങൾ തെളിഞ്ഞു കണ്ടിട്ടുള്ളതാണല്ലോ)

مِّن مَّسَاكِنِهِمْ = അവരുടെ പാർപ്പിടങ്ങളിൽനിന്ന്

وَزَيَّنَ لَهُمُ الشَّيْطَانُ = ചെകുത്താൻ അവർക്കു ഭൂഷണമാക്കി (മായി തോന്നിച്ചു)

أَعْمَالَهُمْ = അവരുടെ ചെയ്തികൾ, നടപടികൾ فَصَدَّهُمْ = അവൻ അവരെ വിലക്കി

عَنِ السَّبِيلِ = (സൻ) മാർഗത്തിൽനിന്ന് وَكَانُوا = അവർ ആയിരുന്നു

مُسْتَبْصِرِينَ = (എന്നാലോ) അവർ ഉൾക്കാഴ്ചയുള്ളവർ, ക്രാന്തദൃഷ്ടികൾ(തന്നെ)

ആദും സമൂദും വളരെ പ്രബലരായിരുന്ന രണ്ട് ഗോത്രങ്ങളാണ്. രണ്ടും നശിച്ചുപോയി. അറബുൽ ബാഇദഃ-നശീകൃത അറബികൾ എന്നാണ് അറേബ്യൻ ചരിത്രത്തിൽ ഇക്കൂട്ടർ അറിയപ്പെടുന്നത്. ദക്ഷിണ അറേബ്യയിലായിരുന്നു രണ്ടു വർഗങ്ങളും അധിവസിച്ചിരുന്നത്. ഹിജാസിനു വടക്ക് റാബിഗ് മുതൽ അഖബ വരെയും മദീനയും ഖൈബറും മുതൽ തൈമാഉം തബൂക്കും വരെയുമുള്ള പ്രദേശങ്ങളിൽ കാണപ്പെടുന്ന പൗരാണികാവശിഷ്ടങ്ങൾ ഈ ജനവിഭാഗത്തിന്റേതാണെന്ന് കരുതപ്പെടുന്നു. ഈ അവശിഷ്ടങ്ങളിലൂടെയും ഐതിഹ്യങ്ങളിലൂടെയും ആദ്, സമൂദ് ഗോത്രങ്ങളും അവരുടെ സങ്കേതങ്ങളും ഖുർആൻ അവതരിക്കുന്ന കാലത്തെ അറബികൾക്ക് ഏറെ സുപരിചിതമായിരുന്നു. *അൽഅഅ്റാഫ്, അത്തൗബ, ഹൂദ്, ഇബ്റാഹീം, ഇസ്രാഅ്, ഹജ്ജ്, ഫുർഖാൻ, ശുഅറാഅ്, നംല്* സൂറകളിലെല്ലാം നേരത്തേ ഈ ജനതകളെ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത സൂറകളുടെ വിശദീകരണത്തിൽ പ്രത്യേകിച്ച് *ഹൂദ്* 50-68 സൂക്തങ്ങൾക്കു താഴെ *ഖുർആൻ ബോധനം* ഇവരെക്കുറിച്ച് ലഭ്യമായ വിവരങ്ങൾ വിസ്തരിച്ചു പറഞ്ഞിരിക്കുന്നു.

രണ്ട് ഗോത്രങ്ങളും കൊടിയ ദൈവനിഷേധത്തിന്റെയും ധർമധിക്കാരത്തിന്റെയും ഫലമായി ഭൂമുഖത്തുനിന്ന് ഉന്മൂലനം ചെയ്യപ്പെടുകയായിരുന്നു. عَادًا وَثَمُودَ എന്നതിന് മുമ്പ് اخذنا (നാം പിടികൂടി) എന്നോ اهلكنا (നാം നശിപ്പിച്ചു) എന്നോ ഒരു ക്രിയാ വചനം അനുക്തമായിട്ടുണ്ട്. അതായത് ആദ് ഗോത്രത്തെയും സമൂദ് ഗോത്രത്തെയും നാം ശിക്ഷിച്ചു, അല്ലെങ്കിൽ നശിപ്പിച്ചു. ഈ ഗോത്രങ്ങളുടെ ഭൗതികശക്തിയും നാഗരിക പുരോഗതിയും മുൻ സൂറകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ലൂത്വ് ജനതയുടെയും മിദ്യാനികളുടെയും നഷ്ടാവശിഷ്ടങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ച പോലെ ആദ്, സമൂദ് ഗോത്രങ്ങളുടെ വാസസ്ഥലങ്ങളിൽ ചിതറിക്കിടക്കുന്ന ചരിത്രാവശിഷ്ടങ്ങളിലേക്കും ഖുറൈശികളുടെ ശ്രദ്ധ ക്ഷണിക്കുകയാണ് وَقَد تَّبَيَّنَ لَكُم مِّن مَّسَاكِنِهِمْ എന്ന വാക്യം. ഖുറൈശികളുടെ വർത്തക സംഘങ്ങൾ അതുവഴി ധാരാളം കടന്നുപോകാറുള്ളതാണ്. അവിടെ പരന്നു കിടക്കുന്ന നാശാവശിഷ്ടങ്ങളിൽനിന്ന്, പണ്ടവിടെ വസിച്ചിരുന്നവർ എന്തുമാത്രം ശക്തരും പ്രതാപികളും നാഗരിക വികാസം നേടിയവരുമായിരുന്നുവെന്ന് ആർക്കും അനുമാനിക്കാൻ കഴിയും. അതൊന്നും പറഞ്ഞുതരാൻ ഇന്ന് ആരും അവിടെ അവശേഷിക്കുന്നില്ല.

وَكَانُوا مُسْتَبْصِرِينَ എന്ന വാക്യത്തിന് രണ്ട് ആശയങ്ങളുണ്ട്: 1. അവർ വളരെ ബുദ്ധിമാന്മാരും ക്രാന്തദൃഷ്ടികളുമായിരുന്നു. നാഗരിക നിർമാണങ്ങളിൽ അസാമാന്യ നൈപുണ്യം നേടിയവരായിരുന്നു, വലിയ ഭരണ-രാഷ്ട്രീയ തന്ത്രജ്ഞരായിരുന്നു. പക്ഷേ ഈ ഗുണങ്ങളൊന്നും ചെകുത്താന്റെ വലയിലകപ്പെടുന്നതിൽനിന്ന് അവരെ രക്ഷിച്ചില്ല. അഹന്തയും ഭൗതിക പ്രമത്തതയും അവരുടെ കണ്ണു മൂടിക്കളഞ്ഞു. ദൈവത്തിനും പരലോകത്തിനും നേർക്ക് നോട്ടം പായിക്കാൻ ഒരിക്കലും അവർക്ക് സാധിച്ചില്ല. യഥാർഥ രാജവീഥിയിൽനിന്ന് പൂർണമായി വ്യതിചലിച്ച അവർ നാശത്തിന്റെ പടുകുഴിയിൽ ചെന്നു പതിക്കുകയായിരുന്നു. ഒരു ജനതയുടെ ശാസ്ത്ര-സാങ്കേതിക പുരോഗതിയും നാഗരിക നിർമാണ വൈഭവവും ഉൽപാദന മികവുമൊന്നും പാമര ജനങ്ങൾ മനസ്സിലാക്കുന്നതുപോലെ ആ ജനതയുടെ ജീവിതക്രമം സത്യത്തിലും നീതിയിലും അധിഷ്ഠിതമാണെന്ന് സാക്ഷ്യപ്പെടുത്തുന്നില്ല എന്ന യാഥാർഥ്യമാണിതിൽ തെളിയുന്നത്. 2. അവർ അജ്ഞത കൊണ്ടും മൗഢ്യം കൊണ്ടും ചെകുത്താന്റെ വലയിൽപെട്ടുപോയതല്ല. ബൗദ്ധികമായും വൈജ്ഞാനികമായും അക്കാലത്ത് ഉന്നത നിലവാരം പുലർത്തിയിരുന്നു. അവർ നന്നായി ചിന്തിച്ചു മനസ്സിലാക്കി ബോധപൂർവം ചെകുത്താന്റെ മാർഗം തെരഞ്ഞെടുക്കുകയായിരുന്നു. പ്രവാചകന്മാർ പ്രബോധനം ചെയ്ത ദൈവശാസനകളും ധാർമിക-സദാചാര നിയമങ്ങളുമൊക്കെ തങ്ങളുടെ സ്വാതന്ത്ര്യത്തെയും ജീവിത വികാസത്തെയും തടയുന്ന ചങ്ങലകളായിട്ടാണവർ കണ്ടത്. ●

---

وَقَارُونَ وَفِرْعَوْنَ وَهَامَانَ ۖ وَلَقَدْ جَاءَهُم مُّوسَىٰ بِالْبَيِّنَاتِ فَاسْتَكْبَرُوا فِي الْأَرْضِ وَمَا كَانُوا سَابِقِينَ ﴿٣٩﴾

39. ഖാറൂനെയും ഫറവോനെയും ഹാമാനെയും നാം പിടികൂടി. സത്യധർമങ്ങളുടെ തെളിഞ്ഞ ദൃഷ്ടാന്തങ്ങളുമായി മൂസാ പ്രവാചകൻ അവരിൽ ചെന്നതായിരുന്നു. അപ്പോൾ അവർ ഭൂമിയിൽ മഹാ ഗർവിഷ്ഠരായി വർത്തിച്ചു. പക്ഷേ, അവരാരും നമ്മുടെ പിടിത്തത്തിനതീതമായിരുന്നില്ല.

**39**

وَقَارُونَ وَفِرْعَوْنَ وَهَامَانَ ۖ = ഖാറൂനെയും ഫറവോനെയും ഹാമാനെയും (നാം പിടികൂടി)

وَلَقَدْ جَاءَهُم مُّوسَىٰ = മൂസാ (പ്രവാചകൻ) അവരിൽ ചെന്നതായിരുന്നു

بِالْبَيِّنَاتِ = തെളിവുക(തെളിഞ്ഞ ദൃഷ്ടാന്തങ്ങ)ളുമായിട്ട്

فَاسْتَكْبَرُوا فِي الْأَرْضِ = അപ്പോൾ (പക്ഷേ) അവർ ഭൂമിയിൽ അഹങ്കാരം കൈക്കൊണ്ടു (ഗർവിഷ്ഠരായി വർത്തിച്ചു)

وَمَا كَانُوا سَابِقِينَ = (പക്ഷേ) അവർ (ആരും നമ്മുടെ പിടിത്തത്തെ) അതിജയിക്കുന്നവരായിരുന്നില്ല

ധർമച്യുതി മൂലം നശിച്ചുപോയ കുറേ സമുദായങ്ങളെ അനുസ്മരിച്ച ശേഷം അതേ ദോഷത്താൽ നശിക്കാനിടയായ ചില വ്യക്തികളെ അനുസ്മരിക്കുകയാണ്. ഇവിടെയും قَارُونَ എന്നു തുടങ്ങുന്നതിനു മുമ്പ് واخذنا എന്നോ اهلكنا എന്നോ (നാം ശിക്ഷിച്ചു, നശിപ്പിച്ചു) അനുക്തമായിട്ടുണ്ട്. മൂസാ (അ), ഫറവോൻ, ഹാമാൻ എന്നീ മൂന്നു പേരെയും

കഴിഞ്ഞ *അൽ ഖസ്വസ്വ്* സൂറയിലെ 4-40 സൂക്തങ്ങളിൽ വിശദമായി പരിചയപ്പെടുത്തിയിരിക്കുന്നു. അതേ സൂറ 76-82 സൂക്തങ്ങൾ ഖാറൂനെക്കുറിച്ചും പറയുന്നു. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. മൂസാ(അ)യുടെ ജനത്തിലെ ഖാറൂന്റെ അവസ്ഥയായിരുന്നു ഖുറൈശികളിൽ അബൂലഹബിനുണ്ടായിരുന്നതെന്ന് ചില പണ്ഡിതന്മാർ നിരീക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ സൂക്തത്തിലെ ഖാറൂൻ പരാമർശത്തിന് ഒരു പൂർവികനെ അനുസ്മരിക്കുക എന്നതിനപ്പുറം ഖുറൈശികൾക്കു മുന്നിൽ അവരുടെ നേതാക്കളുടെ സ്വരൂപം തെളിമയോടെ കാണിച്ചുകൊടുക്കുന്ന ഒരു കണ്ണാടി സ്ഥാപിക്കുക എന്ന മാനം കൂടി ഉള്ളതായി അവർ കാണുന്നു. എന്നാൽ ഈ കണ്ണാടി ഖുറൈശികൾക്ക് അവരുടെ നേതാക്കളുടെ സ്വരൂപം കാണിക്കുന്നതു മാത്രമല്ല, എക്കാലത്തെയും ധിക്കാരികളായ ധനാഢ്യന്മാരുടെ മുഖം ഖാറൂന്റേതു തന്നെയാണ്. വചനസാരമിതാണ്: വമ്പുറ്റവരെന്ന് ഡംബ് കാട്ടിയിരുന്നവരാണ് ഫറവോനും ഹാമാനും ഖാറൂനും. അവരെയും അല്ലാഹു ഭയങ്കരായി ശിക്ഷിച്ചിരിക്കുന്നു. വെറുതെ പിടിച്ചു ശിക്ഷിച്ചതല്ല. അവർ അസത്യത്തിലും അധർമത്തിലും അക്രമത്തിലും വിഹരിക്കുകയായിരുന്നു. സത്യത്തിലേക്കും ധർമത്തിലേക്കും അവരെ വീണ്ടെടുക്കാൻ മൂസാ (അ) നിയുക്തനായി. തന്റെ പ്രവാചകത്വവും താൻ പ്രബോധനം ചെയ്യുന്ന തത്ത്വങ്ങളും സത്യമാണെന്നു തെളിയിക്കുന്ന ദൃഷ്ടാന്തങ്ങളായി നിരവധി ദിവ്യാത്ഭുതങ്ങൾ അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. പക്ഷേ അത്തരം ദൃഷ്ടാന്തങ്ങളിലേക്കൊന്നും തുറക്കാനാവാത്ത വിധം അഹന്തയുടെയും ഡംബിന്റെയും കനത്ത പട്ടകൾ അവരുടെ കണ്ണുകളെ കെട്ടിപ്പൂട്ടിയിരുന്നു. മൂന്നാം സൂക്തത്തിൽ പ്രസ്താവിച്ച സംഗതി വീണ്ടും അനുസ്മരിപ്പിക്കുകയാണ് وَمَا كَانُوا سَابِقِينَ എന്ന വാക്യം. അതായത് അവരീ ഊറ്റം കൊള്ളുന്ന സമ്പത്തും സന്തതികളും ആളും അധികാരവും എല്ലാം ഉള്ളതോടൊപ്പം തന്നെ നാം പിടികൂടുകയാൽ അതിൽനിന്ന് നമ്മെ വെട്ടിച്ചു കടന്നുകളയാനോ തോൽപിച്ചു രക്ഷപ്പെടാനോ ഭൗതികവിഭവങ്ങളൊന്നും അവർക്ക് ഉപകരിക്കുകയില്ല. ●

فَكُلًّا أَخَذْنَا بِذَنبِهِ ۖ فَمِنْهُم مَّنْ أَرْسَلْنَا عَلَيْهِ حَاصِبًا وَمِنْهُم مَّنْ أَخَذَتْهُ الصَّيْحَةُ وَمِنْهُم مَّنْ خَسَفْنَا بِهِ الْأَرْضَ وَمِنْهُم مَّنْ أَغْرَقْنَا ۚ وَمَا كَانَ اللَّهُ لِيَظْلِمَهُمْ وَلَٰكِن كَانُوا أَنفُسَهُمْ يَظْلِمُونَ ﴿٤٠﴾

40. ഒടുവിൽ അവരിൽ ഓരോരുത്തരെയും അവരവരുടെ പാതകത്തിന്റെ പേരിൽ നാം പിടികൂടി. ചിലർക്ക് മീതെ നാം കന്മഴ വർഷിച്ചു. ചിലരെ ഘോരഗർജനം ബാധിച്ചു. ചിലരെ ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. ചിലരെ ആഴിയുടെ ആഴങ്ങളിൽ മുക്കിയൊടുക്കി. ഇതൊന്നും അല്ലാഹു അവരെ ദ്രോഹിച്ചതായിരുന്നില്ല. പ്രത്യുത അവർ തന്നെ അവരെ ദ്രോഹിച്ചതായിരുന്നു.

**40**

فَكُلًّا = എല്ലാവരെയും (ഒടുവിൽ ഓരോരുത്തരെയും)

أَخَذْنَا بِذَنبِهِ = അവന്റെ കുറ്റം കൊണ്ട് (അവരവരുടെ പാതകത്തിന്റെ പേരിൽ) നാം പിടികൂടി

فَمِنْهُم = അവരിലുണ്ട് مَّنْ أَرْسَلْنَا عَلَيْهِ = നാം അയച്ചവ(ചില)ർ حَاصِبًا = കന്മഴയെ وَمِنْهُم = അവരിലുണ്ട്

مَّنْ أَخَذَتْهُ الصَّيْحَةُ = അവരെ (ഘോര) ഗർജനം ബാധിച്ചവ(ചില)ർ وَمِنْهُم = അവരിലുണ്ട്

مَّنْ خَسَفْنَا بِهِ الْأَرْضَ = നാം അവനെയും കൊണ്ട് ഭൂമിയെ താഴ്ത്തി (ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു)

وَمِنْهُم = അവരിൽ ഉണ്ട് مَّنْ أَغْرَقْنَا = നാം മുക്കിയവർ (ആഴിയിൽ മുക്കിയൊടുക്കിയവർ)

وَمَا كَانَ اللَّهُ لِيَظْلِمَهُمْ = അവരെ അക്രമിക്കുക അല്ലാഹുവിന്റെ കാര്യമല്ല (ഇതൊന്നും അല്ലാഹു അവരെ ദ്രോഹിച്ചതായിരുന്നില്ല)

وَلَٰكِن = പക്ഷേ (പ്രത്യുത) كَانُوا أَنفُسَهُمْ يَظْلِمُونَ = അവർ തന്നെ അവരെ ദ്രോഹിച്ചതായിരുന്നു

ഒടുവിൽ മേൽപറഞ്ഞ ചരിത്രങ്ങളുടെയെല്ലാം ആകത്തുകയെന്നോണം പറയുകയാണ്: മുകളിൽ സൂചിപ്പിച്ച എല്ലാ സമൂഹങ്ങളുടെയും വ്യക്തികളുടെയും പരിണതി ഒന്നുതന്നെയായിരുന്നു. അവരിൽ ഓരോരുത്തരെയും അവരുടെ കുറ്റങ്ങളെ പ്രതി അല്ലാഹു ശിക്ഷിച്ചു. ചിലർക്കു മീതെ കന്മഴ വർഷിച്ചു. ചിലരെ ഘോരമായ ഇടിനാദം ഗ്രസിച്ചു. ചിലർ ഭൂമിയിൽ ആഴ്ത്തപ്പെട്ടു. ചിലർ ആഴിയുടെ ആഴങ്ങളിൽ മുങ്ങിയൊടുങ്ങി. കന്മഴ ബാധിച്ചത് ലൂത്വ് ജനതയെയും ഇടിനാദം ഗ്രസിച്ചത് ആദ്, സമൂദ് ഗോത്രങ്ങളെയും ഭൂമിയിലാഴ്ത്തിയത് ഖാറൂനെയും ആഴിയിൽ മുക്കിയൊടുക്കിയത് ഫറവോനെയും പ്രഭൃതികളെയും ആണെന്ന് മറ്റു സൂറകൾ വ്യക്തമാക്കിയിരിക്കുന്നു. ഈ സമൂഹങ്ങൾക്കും വ്യക്തികൾക്കും സംഭവിച്ചതൊന്നും അല്ലാഹുവിന്റെ ഭാഗത്തുനിന്ന് അവർക്ക് നേരെയുണ്ടായ ദ്രോഹമായിരുന്നില്ല, മറിച്ച് അവരുടെ ദുഷ് ചെയ്തികൾ അവർക്കു തന്നെ ദ്രോഹകരമായി ഭവിക്കുകയായിരുന്നു. അല്ലാഹു അതേപ്പറ്റി വേണ്ടവണ്ണം മുന്നറിയിപ്പു നൽകിയിരുന്നു. പക്ഷേ ദൈവദൂതന്മാരെയും അവരുടെ മുന്നറിയിപ്പുകളെയും അവർ അശേഷം വകവെച്ചില്ല. ഇതാണ് وَمَا كَانَ اللَّهُ ......... എന്ന സമാപന വാക്യത്തിന്റെ സാരം. ●